# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2671** **12.02.2019 ലെ മറുപടി**

## നദീ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ് : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ചെറുതും വലുതുമായ നദികളിലെ ജലത്തിന്റെ ഗുണനിലവാരം പരിതാപകരമായ സ്ഥിതിയിലാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) കേരളത്തിലെ നദികളിലെയും കായലുകളിലെയും ജലഗുണനിലവാരം കുറവാണെന്നുള്ള പഠനറിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട റിപ്പോർട്ട് കേരള സംസ്ഥാന ശാസ്ത്ര - സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന 'സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് - കോഴിക്കോട്' നടത്തിയിട്ടുള്ള നദീജലഗുണനിലവാരപഠനങ്ങളാണ്. |
| (ബി) എങ്കിൽ അവ മെച്ചപ്പെടുത്തി ഗുണനിലവാരമുള്ള ജലസ്രോതസ്സുകളാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ; | (ബി) നദികളിലെയും മറ്റ് ജലസ്രോതസ്സുകളിലെയും മാലിന്യവും ചെളിയും നീക്കം ചെയ്ത് ശുദ്ധിയാക്കുന്നതിനുള്ള പ്രവർത്തനം ഹരിതകേരളം മിഷന്റെ ഭാഗമായി ജനപങ്കാളിത്തത്തോടെ ഏറ്റെടുത്തിട്ടുണ്ട്. ഹ രിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി" പ ദ്ധതിയാണ് ജലസേചനവകുപ്പുമായി നേരിട്ട് ബന്ധപ്പെട്ടുവരുന്നത്. ഇതിന്റെ ഭാഗമായി രണ്ട് വിധത്തിലുള്ള |

ഇടപെടലുകളാണ് ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചിട്ടുള്ളത്. ഒന്ന്, ജനകീയമായി നടപ്പാക്കുന്ന നദീ/ജല സ്രോതസ്സ് ശുചീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ സാങ്കേതിക പിന്തുണ സഹായം / ലഭ്യമാക്കുക എന്നതാണ്. രണ്ടാമതായി, മേൽ പറഞ്ഞ ശുചീകരണപ്രവർത്തനം നടന്നിടങ്ങളിൽ നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുന്നതിനും കാർഷികാവശ്യത്തിന് ജലം എത്തിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നിർവ്വഹിക്കുക. ഇതോടൊപ്പം നദികളുടെ സമഗ്രപുനഃസ്ഥാപനം ലക്ഷ്യമിട്ടുള്ള നീർത്തടമാസ്റ്റർപ്ലാനുകൾ രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനം. ഇത് നടന്നു വരുന്നു.

ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി നഗരപ്രദേശങ്ങളോടു ചേർന്നുവരുന്ന നദീഭാഗങ്ങളിൽ പ്രത്യേകിച്ച്, പാലങ്ങളിൽ നിന്ന് മാലിന്യം നേരിട്ട് പുഴയിൽ നിക്ഷേപിക്കുന്നത് തടയുന്നതിനായി കമ്പിവേലി നിർമ്മിക്കുന്ന പ്രവർത്തനവും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ, മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെയുള്ള ശിക്ഷാനടപടികളും ശക്തമാക്കിയിട്ടുണ്ട്. കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ആക്ട്, 2018 പ്രകാരം ശിക്ഷ വർദ്ധിപ്പിട്ടുണ്ട്.

| | |
|---|---|
| (സി) നീരൊഴുക്ക് നിലച്ച ആറുകൾ പുനരുജ്ജീവിപ്പിക്കുവാൻ നടത്തിയ ശ്രമങ്ങൾ എത്ര മാത്രം വിജയിച്ചു; വിശദാംശം നൽകാമോ; | (സി) മണൽ/മണ്ണ് അടിഞ്ഞും, മാലിന്യ നിക്ഷേപം കൊണ്ടും നീരൊഴുക്ക് നിലച്ച ആറുകൾ പുനഃരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനം ഹരിതകേരളം മിഷന്റെ ഭാഗമായി ഏറ്റെടുക്കുകയും, ജലസേചനവകുപ്പ് ആവശ്യമായ സാങ്കേതികസഹായം നൽകുകയും ചെയ്തിട്ടുണ്ട്. വരട്ടാർ, മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ, പള്ളിക്കലാർ, കുട്ടമ്പേരൂറാർ എന്നിവ മികച്ച മാതൃകകളാണ്. നീരൊഴുക്ക് പുനഃസ്ഥാപിക്കാനും ജനങ്ങൾക്കും, കാർഷികാവശ്യത്തിനും ഉപയോഗപ്പെടുന്ന വിധത്തിൽ ഇവയെ മാറ്റിയെടുക്കാനും സാധിച്ചിട്ടുണ്ട്. ഇതോടൊപ്പം വർഷങ്ങളായി കൃഷി ഇല്ലാതിരുന്ന പാടശേഖരങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തി കൃഷി പുനഃരാരംഭിക്കാനും അതുവഴി ഉൽപാദനവർദ്ധനവ് നേടാനും കഴിഞ്ഞിട്ടുണ്ട്. |
| (ഡി) പുനരുജ്ജീവിപ്പിച്ചവ വീണ്ടും പഴയ സ്ഥിതിയിലേക്ക് മടങ്ങുന്നുവെന്ന വാർത്തകൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | (ഡി) പുനഃരുദ്ധരിച്ച ജലസ്രോതസ്സുകൾ പഴയ സ്ഥിതിയിലേക്ക് മടങ്ങാനുള്ള സാധ്യതയുണ്ട് എന്ന് ആദ്യഘട്ടത്തിൽ തന്നെ വിലയിരുത്തൽ നടത്തിയതിൻപ്രകാരം ജനകീയകൂട്ടായ്മ നിലനിർത്തിയും, തൊഴിലുറപ്പ് പദ്ധതി, വിവിധവകുപ്പുകളുടെ ഏകോപനം എന്നിവ സാധ്യമാക്കിയും പുനഃരുദ്ധരിച്ച നദികളും മറ്റ് ജലസ്രോതസ്സുകളും മെച്ചപ്പെട്ട അവസ്ഥയിൽ നിലനിർത്തുന്നതിന് തുടർനടപടികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്വീകരിച്ചുവരുന്നു. |

ഇതോടൊപ്പം നീരൊഴുക്ക് നിലനിർത്താനാവശ്യമായ നിർമ്മിതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആവശ്യമായ ഇടങ്ങളിൽ തടയണ, ചപ്പാത്തുകൾക്കു പകരം പാലം/കൾവർട്ട്, വശങ്ങളിൽ നിന്നുള്ള മണ്ണൊലിപ്പ് തടയുന്നതിനായി കയർ ഭൂവസ്ത്രം വിരിക്കൽ, ശാസ്ത്രീയ പഠനത്തിനുശേഷം ആവശ്യമെങ്കിൽ അടിഞ്ഞുകൂടിയ മണൽ/മണ്ണ് എന്നിവ മാറ്റുന്നതിനുള്ള പ്രവർത്തനം എന്നീ നടപടികൾ സ്വീകരിച്ചതിനൊപ്പം ഓരോ നദീതടത്തിന്റെയും /ചെറു നീർത്തടത്തിന്റെയും പുനരുജ്ജീവനത്തിന് സമഗ്ര നീർത്തട പ്ലാനുകൾ, മാസ്റ്റർപ്ലാനുകൾ എന്നിവയ്ക്ക് രൂപം കൊടുക്കുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു.

**സെക്ഷൻ ഓഫീസർ**